# പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 5118** **02.07.2013 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാനുള്ള നോഡൽ ഏജൻസി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാനുള്ള നോഡൽ ഏജൻസി ഏതെന്ന് വ്യക്തമാക്കുമോ; | (എ) സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നിയുക്ത ഏജൻസിയും കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ കേരളത്തിലെ സ്റ്റേറ്റ് നോഡൽ ഏജൻസിയും അനെർട്ടാണ്. |
| (ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് അനർട്ടിന്റെ അംഗീകാരമുള്ള എത്ര സ്ഥാപനങ്ങളാണ് സംസ്ഥാനത്തുള്ളത്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരമുണ്ട്; | (ബി) അനെർട്ട് നടപ്പാക്കുന്ന പതിനായിരം റൂഫ്ടോപ്പ് സോളാർ പദ്ധതിക്കായി ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള 25 കമ്പനികളാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത് (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്). ഇതിൽ ഉൾപ്പെട്ടിട്ടുള്ള കമ്പനികൾ എല്ലാംതന്നെ കേന്ദ്ര സർക്കാരിന്റെ (എം.എൻ.ആർ.ഇ.) ചാനൽ പാർട്ട്ണേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന കമ്പനികളാണ്. |
| (സി) പ്രസ്തുത സ്ഥാപനങ്ങൾ വഴി എത്ര പ്ലാന്റുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്; എന്ത് തുക സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്; പ്രസ്തുത ഇനത്തിൽ സംസ്ഥാന വിഹിതമെത്ര; കേന്ദ്ര സർക്കാരിന്റെ വിഹിതമെത്ര? വിശദമാക്കുമോ; | (സി) പ്രസ്തുത കമ്പനികൾ വഴി ഇതിനകം 1032 പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഒരു പ്ലാന്റിന് 92,262/- രൂപയാണ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സബ്സിഡിയായി നൽകിവരുന്നത്. പ്രസ്തുത സബ്സിഡിയിൽ കേരള സർക്കാരിന്റെ വിഹിതം 39000/- രൂപയും കേന്ദ്ര സർക്കാരിന്റെ വിഹിതം 53,262 രൂപയുമാണ്. |

| | |
|---|---|
| (ഡി) ഇതിൽ ഏതെങ്കിലും സ്ഥാപനങ്ങളെ അനർട്ട് പിന്നീട് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം; ഒഴിവാക്കാൻ എന്തായിരുന്നു കാരണം; | (ഡി) ഒരു ഘട്ടത്തിൽ 28 കമ്പനികളുണ്ടായിരുന്ന ലിസ്റ്റിൽ നിന്നും മൂന്ന് കമ്പനികളെ അനെർട്ട് ഒഴിവാക്കിയിട്ടുണ്ട്. (1) സുരാന വെഞ്ചേഴ്സ്, (2) ആദിത്യ സോളാർ, (3) പവർവൺ മൈക്രോസിസ്റ്റംസ് എന്നീ കമ്പനികളെയാണ് അനെർട്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എം.എൻ.ആർ.ഇ. അവരുടെ പുതുക്കിയ ലിസ്റ്റിൽ നിന്നും ഈ കമ്പനികളെ ഒഴിവാക്കിയതിനാലാണ് അനെർട്ടിന്റെ ലിസ്റ്റിൽ നിന്നും ഈ കമ്പനികളെ ഒഴിവാക്കിയത്. |
| (ഇ) സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിന് അനർട്ടിന്റെ അംഗീകാരത്തിനായി എത്ര സ്ഥാപനങ്ങൾ അനർട്ടിന് അപേക്ഷ നൽകിയിരുന്നു; അതിൽ എത്ര സ്ഥാപനങ്ങളെ ഒഴിവാക്കി; ടീം സോളാർ എന്ന കമ്പനി അപേക്ഷ നൽകിയിരുന്നോ; | (ഇ) അനെർട്ട് നടപ്പാക്കുന്ന 1 കിലോവാട്ട് സോളാർ റൂഫ് ടോപ്പ് പദ്ധതിയിൽ അംഗീകാരത്തിനായി 55 സ്ഥാപനങ്ങൾ ആദ്യഘട്ടത്തിൽ അനെർട്ടിൽ അപേക്ഷ നൽകിയിരുന്നു, എന്നാൽ ടീം സോളാർ എന്ന കമ്പനി അനെർട്ടിൽ അപേക്ഷ നൽകിയിട്ടില്ല. |
| (എഫ്) അനർട്ടിന്റെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ ഈ പദ്ധതികൾ നടപ്പാക്കി തട്ടിപ്പു നടത്തുന്നതായി അനർട്ടിന്റെ ശ്രദ്ധയിൽ പെട്ടിരുന്നോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചത്; ടീം സോളാർ കമ്പനി തട്ടിപ്പു നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ;<br>(ജി) ഇത്തരം തട്ടിപ്പുകളെക്കുറിച്ച് അനർട്ട് ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ? | (എഫ്) ഉം (ജി) യും<br>അനെർട്ടിന്റെ അംഗീകാരമില്ലാത്ത കമ്പനികൾ അനെർട്ട് നടപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

List of Empanelled Agency as on 26 -06.2013

| SL NO | Name of Agency |
|---|---|
| 1. | Power One Micro Systems(p) Ltd |
| 2. | Radiant Solar Pvt Ltd |
| 3. | Pace Power Systems Pvt. Ltd |
| 4. | Cherntrols Solar Pvt Ltd |
| 5. | Millenium Synergy Pvt. Ltd |
| 6. | Thermax Limited |
| 7. | Su-Kam Power Systems Ltd |
| 8. | Bosch Limited |
| 9. | Jain Irrigation Systems Ltd |
| 10. | Solar integration India Pvt. Ltd |
| 11. | Eversun Energy Private ltd |
| 12. | Waree Energies Pvt. Ltd |
| 13. | Adithya Solar Energy systems |
| 14. | Lanco solar Energy Pvt. Ltd |
| 15. | UM Green Lighting |
| 16. | Agni Power & Electronics Pvt.Ltd |
| 17. | Moser Baer Solar Ltd |
| 18. | Alectrona Energy Pvt.Ltd |
| 19. | Luminous Power Technologies Pvt. Ltd |
| 20. | Surana Ventures Ltd |
| 21. | Ammini Solar Pvt. Ltd |
| 22. | Gensol consultants Pvt. Ltd |
| 23. | TATA Power Solar Systems Ltd |
| 24. | EMMVEE Photovoltaic Power (P) Ltd |
| 25. | Autonics Energy systems Pvt Ltd |